**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **12-02-2024 - ൽ മറുപടിയ്ക്ക്**

**കരാർ/ദിവസവേതന ഫാർമസിസ്റ്റുകളുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും വേതനം പുതുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിയമിക്കുന്ന കരാർ/ദിവസ വേതനക്കാരായ ഫാർമസിസ്റ്റുകൾ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ വേതനം പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ആരോഗ്യ വകുപ്പിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ അത്തരം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനങ്ങൾ നടത്താറുണ്ട്. ഇത്തരം നിയമനങ്ങളിൽ ബന്ധപ്പെട്ട തസ്തികയുടെ അടിസ്ഥാന ശമ്പളം വേതനമായി നൽകുന്നു. എന്നാൽ ഇത്തരത്തിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പത്രപ്പരസ്യം നൽകി ഇന്റർവ്യൂ നടത്തി അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക നിയമനങ്ങൾ നടത്താറുണ്ട്. ഇത്തരം നിയമനങ്ങളിൽ സ.ഉ. (പി) നം. 29/2021/ധന തീയതി. 11/02/2021 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിനും നിർവ്വചിച്ചിരിക്കുന്ന തുക ദിവസവേതനമായി നൽകുന്നു.<br><br>ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ (എച്ച്.എം.സി) രൂപീകരിച്ചിരിക്കുന്നത് കേരള പഞ്ചായത്ത് രാജ് ( പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ) ചട്ടങ്ങൾ 2010 , കേരള മുനിസിപ്പാലിറ്റി (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2013 എന്നിവയുടെ അടിസ്ഥാനത്തിലാണ്. എച്ച്.എം.സി വഴി നിയമിതരാകുന്ന ജീവനക്കാർക്ക് നൽകേണ്ട വേതനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ടി ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ട്. ഓരോ സ്ഥാപനങ്ങളിലേയും എച്ച്.എം.സി യുടെ വരുമാനത്തിന് അനുസൃതമായിട്ടാണ് ആ സ്ഥാപനങ്ങളിലെ എച്ച്.എം.സി ജീവനക്കാർക്ക് വേതനം നൽകുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും, നാഷണൽ ഹെൽത്ത് മിഷൻ |

| | | | |
|---|---|---|---|
| | | | വഴിയും (എൻ.എച്ച്.എം) നടത്തുന്ന നിയമനങ്ങളിൽ വേതനം സംബന്ധിച്ച് അതത് വകുപ്പുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ആയതിനാൽ ഇത്തരം താൽക്കാലിക നിയമനങ്ങൾക്ക് ഏകീകൃതമായ ഒരു ശമ്പള ഘടനയില്ല.<br><br>സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിയമിക്കുന്ന കരാർ/ദിവസ വേതനക്കാരായ ഫാർമസിസ്റ്റുകൾ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ വേതനം പുതുക്കി നിശ്ചയിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയില്ലില്ല. |

സെക്ഷൻ ഓഫീസർ